"ഭരണഭാഷ - മാതൃഭാഷ"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: പി.ബി.നൂഹ് IAS)

**ഉത്തരവ് നമ്പർ.സി2-27525/17**

തിരുവനന്തപുരം
തീയതി: 06.12.2017.

വിഷയം: സാമൂഹ്യനീതി വകുപ്പ് - 2017-18 സാമ്പത്തിക വർഷത്തെ മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള ഇൻസർവ്വീസ് ട്രെയിനിംഗ് - ജില്ലാതല പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം: 2017-18 സാമ്പത്തിക വർഷത്തെ വകുപ്പുതല പരിശീലന പരിപാടകൾ.

സർക്കാർ മേഖലയിലെ വിവിധ വകുപ്പുകളിൽ പ്രവർത്തിയെടുക്കുന്ന ഉദ്യോഗസ്ഥർക്ക് എല്ലാ വർഷവും സർവ്വീസ് ചട്ടങ്ങളെക്കുറിച്ച് ഓരോ വകുപ്പും നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചും ജീവനക്കാർക്ക് ആവശ്യമായ മറ്റ് വിഷയങ്ങളെക്കുറിച്ചുമുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ തുക വകയിരുത്താറുണ്ട്. ഇത്തരത്തിൽ വകുപ്പിൻകീഴിൽ വരുന്ന മിനിസ്റ്റിരിയൽ ജീവനക്കാർ ഉൾപ്പെടെ ഉള്ളവർക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും കീഴ്കാര്യാലയങ്ങളിൽ പ്രവർത്തിയെടുക്കുന്ന എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ്, യു.ഡി.ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ്, ഹെഡ് അക്കൗണ്ടന്റ് എന്നീ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതുണ്ട്. ഇത്തരത്തിൽ ജില്ലയ്ക്കുള്ളിലുള്ള എല്ലാ മിനിസ്റ്റീരിയൽ ജീവനക്കാരെയും സംയോജിപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി അതാത് ജില്ലാതല പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

10 ജില്ലകളിൽ 35 ജീവനക്കാരെയും 3 ജില്ലകളിൽ 25 ജീവനക്കാരെയും 1 ജില്ലയിൽ 20 ജീവനക്കാരെയും ഉൾപ്പെടുത്തി 3 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിന് ചുവടെ വിവരിക്കുന്ന തരത്തിൽ ചെലവ് കണക്കാക്കുന്നു.

| ക്രമ നം. | ഐറ്റം | 35 പേർക്കുള്ള ചെലവ് | 25 പേർക്കുള്ള ചെലവ് | 20 പേർക്കുള്ള ചെലവ് |
|---|---|---|---|---|
| 1. | സ്റ്റേഷനറി (200/person) | 7,000/- | 5,000/- | 4,000/- |
| 2. | ലഘുഭക്ഷണം, ഉച്ചഭക്ഷണം, കുടിവെള്ളം (@ 250x3 ദിവസം) | 26,250/- | 18,750/- | 15,000/- |
| 3. | ഹാൾ വാടക (@ 5000x3 ദിവസം) | 15,000/- | 15,000/- | 15,000/- |
| 4. | റിസോഴ്സ് പേഴ്സണുള്ള ഹോണറേറിയം | 9,000/- | 9,000/- | 9,000/- |
| 5. | പരിശീലനാർത്ഥികൾക്കുള്ള യാത്രാബത്ത | 17,000/- | 13,000/- | 11,000/- |
| 6. | സൗണ്ട് സിസ്റ്റം (@ 1000x3) | 3,000/- | 3,000/- | 3,000/- |
| 7. | ഡോക്കുമെന്റേഷൻ | 2,000/- | 2,000/- | 2,000/- |
| 8. | ആകസ്മിക ചെലവുകൾ | 2,000/- | 2,000/- | 2,000/- |
| **ആകെ** | | **81,250/-** | **67,750/-** | **61,000/-** |

PL

മേൽ വിവരിച്ച തരത്തിൽ 35 ജീവനക്കാർക്ക് 3 ദിവസത്തെ പരിശീലനം നൽകുന്നതിലേക്കായി ഒരു ജില്ലയ്ക്ക് 81,250/- രൂപ നിരക്കിൽ 10 ജില്ലയ്ക്ക് 8,12,500/- രൂപയും 25 ജീവനക്കാരെ ഉൾപ്പെടുത്തി ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് 67,750/- രൂപ വീതം 3 ജില്ലയ്ക്ക് 2,03,250/- രൂപയും 20 പേരുൾപ്പെടുന്ന ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് ഒരു ജില്ലയ്ക്ക് 61,000/- രൂപയും ഉൾപ്പെടെ ആകെ 10,76,750/- രൂപ (പത്ത് ലക്ഷത്തി എഴുപത്തി ആറായിരത്തി എഴുന്നൂറ്റൻപത് രൂപ മാത്രം) 14 ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് പരിശീലന പരിപാടിയുടെ നടത്തിപ്പുചെലവുകൾക്കായി അനുവദിച്ചുത്തരവാകുന്നു.

ഓരോ ജില്ലയ്ക്കും അനുവദിക്കപ്പെട്ടിട്ടുള്ള തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | അനുവദിച്ച തുക | ആകെ തുക |
|---|---|---|---|
| 1. | തിരുവനന്തപുരം | 81,250/- | Rs. 8,12,500/- |
| 2. | കൊല്ലം | 81,250/- | |
| 3. | ആലപ്പുഴ | 81,250/- | |
| 4. | കോട്ടയം | 81,250/- | |
| 5. | എറണാകുളം | 81,250/- | |
| 6. | തൃശ്ശൂർ | 81,250/- | |
| 7. | മലപ്പുറം | 81,250/- | |
| 8. | കോഴിക്കോട് | 81,250/- | |
| 9. | കണ്ണൂർ | 81,250/- | |
| 10. | പാലക്കാട് | 81,250/- | |
| 11. | പത്തനംതിട്ട | 67,750/- | Rs. 2,03,250/- |
| 12. | ഇടുക്കി | 67,750/- | |
| 13. | കാസർഗോഡ് | 67,750/- | |
| 14. | വയനാട് | 61,000/- | Rs. 61,000/- |
| | **ആകെ** | | **Rs. 10,76,750/-** |

പരിശീലന പരിപാടിയിൽ ജീവനക്കാരെ നിയോഗിക്കുമ്പോൾ ഓരോ ജില്ലയിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എണ്ണം ജീവനക്കാർ ലഭ്യമാകാതെ വരുന്നപക്ഷം ജൂനിയർ സൂപ്രണ്ടുമാരെ കൂടി ഉൾപ്പെടുത്തി പരിപാടി സംഘടിപ്പിക്കാവുന്നതാണ്. കൂടാതെ വയനാട് ജില്ലയിൽ മാത്രം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണം തികയാതെ വന്നാൽ ഓഫീസ് അറ്റൻഡ്മാരെ കൂടെ ഉൾപ്പെടുത്തേണ്ടതാണ്.

പരിശീലന പരിപാടികൾ 2017 ഡിസംബർ 25 ന് മുൻപായി നിർബന്ധമായും പൂർത്തീകരിക്കേണ്ടതും നടത്തിപ്പ് ചെലവുകൾ ബഡ്ജറ്റ് തുകയേക്കാൾ അധികരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അതോടൊപ്പം നടത്തിപ്പിൽ കർശനമായ അച്ചടക്കം പാലിക്കണം. റിസോഴ്സ് പേഴ്സൺസിനെ തെരഞ്ഞെടുക്കുമ്പോൾ ബന്ധപ്പെട്ട വിഷയങ്ങളിലെ പ്രാവീണ്യം, അവതരണ നൈപുണ്യം എന്നിവ നിർബന്ധമായും പരിഗണിച്ചിരിക്കണം. പരിശീലനാർത്ഥികൾക്ക് യാത്രാബത്ത

അനുവദിക്കുമ്പോൾ അവർക്ക് പ്രതിദിനം അർഹതപ്പെട്ട ദിനബത്തയുടെ പകുതി മാത്രം നൽകേണ്ടതാണ്. ഇത് സംബന്ധിച്ച TA ഫോമുകളുടെ പകർപ്പുകൾ ഡോക്കുമെന്റേഷനോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്. ട്രെയിനിംഗ് നിർബന്ധമായും 3 ദിവസം നടത്തേണ്ടതും പരിശീലന പരിപാടിയുടെ തീയതി മുൻകൂട്ടി നിശ്ചയിച്ച് വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാരും പരിശീലന പരിപാടി സംഘടിപ്പിച്ചതിന്റെ ഡോക്കുമെന്റേഷൻ 2018 ജനുവരി 15 ന് മുൻപായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഈ വിഷയത്തിൽ സമയക്ലിപ്തത നിർബന്ധമായും പാലിക്കണം. പരിശീലന പരിപാടിയുടെ മൊഡ്യൂൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പരിശീലന പരിപാടിയിലേക്ക് ജീവനക്കാരെ നിയോഗിക്കുമ്പോൾ ജില്ലാ സാമൂഹ്യനീതി ഓഫീസിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ കൂടെ ഉൾപ്പെടുത്തേണ്ടതാണ്.

പരിശീലന പരിപാടിയുടെ നടത്തിപ്പിലേക്കാവശ്യമായ ചെലവ് നടപ്പു സാമ്പത്തിക വർഷത്തെ 2235-02-001-95 (P) ശീർഷകത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് കൈമാറിയിട്ടുള്ള തുകയിൽ നിന്നും വഹിക്കാവുന്നതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
പ്രോഗ്രാം ഓഫീസർമാർക്കും.

**പകർപ്പ്:-**

1. സൂപ്രണ്ട്, എ സെക്ഷൻ.
2. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം
**സൂപ്രണ്ട്**

PL

## പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ

**ആദ്യ ദിവസം**

1.
    a. മാന്വൽ ഓഫ് ഓഫീസ് പ്രൊസീജ്യർ - (രാവിലെ 10 മുതൽ 12 വരെ)
    b. Income Tax Preparation & Tax Filing - ( 12 മുതൽ 1 വരെ)
2. ഇന്റർപേഴ്സണൽ റിലേഷൻഷിപ്പ് & കമ്മ്യൂണിക്കേഷൻ സ്കിൽ - (ഉച്ചയ്ക്ക് 2 മുതൽ 5 വരെ)

**രണ്ടാം ദിവസം**

1. **അക്കൗണ്ട്സ്**
   ഫിനാൻസ് മാനേജ്മെന്റ്, ബഡ്ജറ്റ് പ്രിപ്പറേഷൻ
   ബിൽ പ്രിപ്പറേഷൻ, പ്രിപ്പറേഷൻ ഓഫ് രജിസ്റ്റേഴ്സ്
   ആന്റ് അദർ ഡോക്കുമെന്റ്സ് ഫോർ ഓഡിറ്റ്- (രാവിലെ 10 മുതൽ 1 വരെ)

2. **സ്ട്രെസ് മാനേജ്മെന്റ്**
   ലീഡർഷിപ്പ് ആന്റ് ടീം വർക്ക് ഫോർ
   പെർഫോമൻസ് എക്സലൻസ് - (ഉച്ചയ്ക്ക് 2 മുതൽ 5 വരെ)

**മൂന്നാം ദിവസം**

1. സ്റ്റോഴ്സ് പർച്ചേസ് മാനുവൽ - (രാവിലെ 10 മുതൽ 1 വരെ)
2. കേരള സർവ്വീസ് ചട്ടങ്ങൾ
   (ഇന്ററാക്ടീവ് സെക്ഷൻ) - (ഉച്ചയ്ക്ക് 2 മുതൽ 5 വരെ)